1) **ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ പങ്കെടുക്കാനുള്ള യോഗ്യതകൾ എന്തെല്ലാമാണ് ?**

സംസ്ഥാനത്തിലെ ഏതൊരു സർക്കാർ / അർദ്ധ സർക്കാർ വിദ്യാലയങ്ങൾക്കും **ഹരിത വിദ്യാലയം** റിയാലിറ്റി ഷോയിൽ പങ്കെടുക്കാനായി അപേക്ഷിക്കാവുന്നതാണ .

**2) ഹരിത വിദ്യാലയം റിയാലിറ്റി ഷോയിൽ പങ്കെടുക്കാനുള്ള അപേക്ഷ നല്കേണ്ടതെങ്ങനെ ?**

ഓൺലൈൻ ആയി സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കൂ . അപേക്ഷിക്കാനായി ഹരിതവിദ്യാലയം വെബ്പോർട്ടൽ സന്ദർശിക്കുക www.harithavidyalayam.in .

തുടർന്നു സമ്പൂർണയിലെ സ്കൂളിന്റെ യൂസർ നെയിമും പാസ് വേർഡും ഉപയോഗിച്ച് ലോഗ് ഇൻ ചെയ്തതിനു ശേഷം അപേക്ഷകൾ പൂരിപ്പിക്കുക.

**3) അപേക്ഷ പൂരിപ്പിക്കുന്നതിനു മുന്നോടിയായി എന്തെങ്കിലും ചെയ്യേണ്ടതുണ്ടോ ?**

ആദ്യം ഫോറം ഡൌൺലോഡ് ചെയ്തു പ്രിൻറ് എടുത്ത ശേഷം , സ്കൂൾ തല സമിതിയിൽ ചർച്ച ചെയ്തു വിവരങ്ങൾ തയാറാക്കുക . ഇതിനു ശേഷം വേണം വിവരങ്ങൾ ഓൺലൈനായി അപേക്ഷ ഫോറത്തിൽ ഉൾപെടുത്താൻ .

സ്കൂളുകൾക്കുള്ള നിർദേശങ്ങളും യൂസർ ഗൈഡും വായിച്ചതിനു ശേഷം വേണം എൻട്രി ചെയ്തു തുടങ്ങാൻ .

4) **അപേക്ഷ ഏതു ഭാഷയിൽ ആണ് സമർപ്പിക്കേണ്ടത്** ?

മലയാളത്തിൽ ആണ് അപേക്ഷ ഫോറം പൂരിപ്പിക്കേണ്ടത് . യൂണികോഡ് ഫോണ്ട് ഉപയോഗിച്ചാണ് പൂരിപ്പിക്കേണ്ടത് .

**5) അപേക്ഷ പൂരിപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ?**

ആകെ 45 ഭാഗങ്ങൾ ഉള്ള ചോദ്യാവലി ആണ് പൂരിപ്പിക്കേണ്ടത് . ഓരോ ഭാഗവും പൂരിപ്പിച്ചതിന്ന് ശേഷം സേവ് ചെയ്യണം . സേവ് ചെയ്യാതെ ബ്രൌസർ ക്ലോസ് ചെയ്താൽ നേരത്തെ രേഖപ്പെടുത്തിയ വിവരങ്ങൾ നഷ്ടമാകും . സേവ് ചെയ്തതിനു ശേഷം അടുത്ത ഭാഗത്തേക്ക് പോകാനായി നെക്സ്റ്റ് ക്ലിക്ക് ചെയ്യാം . ഇത് പോലെ മുൻപേയുള്ള പേജിലേക്കും ബാക് ബട്ടൺ ഉപയോഗിച്ച് പോകാവുന്നതാണ് .

**6) അപേക്ഷയിൽ പൂരിപ്പിച്ച വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണോ ?**

നാല്പത്തി അഞ്ചാമത്തെ പേജിൽ പ്രിവ്യൂ ആൻ കൺഫിർമ ബട്ടൺ പ്രസ് ചെയുന്നത് വരെയോ അല്ലെങ്കിൽ എൻട്രി സമർപ്പിക്കാനുള്ള അവസാന ദിവസം വരെയോ എല്ലാ നാല്പത്തിഅഞ്ചു ഭാഗത്തെയും വിവരങ്ങളിൽ മാറ്റം വരുത്താവുന്നതാണ് അഥവാ മോഡിഫയ് ചെയ്യാവുന്നതാണ് .

7) **ഓൺലൈൻ അപേക്ഷയുമായി ബന്ധപ്പെട്ട സംശയനിവാരണത്തിനായി എവിടെ / ആരെയാണ് ബന്ധപെടെണ്ടത് ?**

ഹരിതവിദ്യാലയം പദ്ധതിയുമായി ബന്ധപ്പെട്ട എല്ലാ സംശയങ്ങൾക്കും , ഇതിനു വേണ്ടി മാത്രമായി സജ്ജീകരിച്ച ഹെല്പ് ലൈൻ നമ്പറിൽ  വിളിക്കാവുന്നതാണ് . 8136800779, 8136800669, 8136800889, 8136800886, 8136800882

**8) അപേക്ഷയോടൊപ്പം  എന്തെല്ലാം സമർപ്പിക്കണം** ?

അഞ്ചു മിനിറ്റ് ദൈർഘ്യമുള്ള  വീഡിയോ അല്ലെങ്കിൽ 20  സ്ലൈഡ് വരുന്ന പ്രസന്റേഷൻ നിർബന്ധമായും  ഇതിൽ ഏതെങ്കിലും ഒന്ന് സമർപ്പിക്കേണ്ടതാണ് .

**9) വീഡിയോ നിർമിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം ?**

വീഡിയോയുടെ പരമാവധി ദൈർഘ്യം 5 മിനിറ്റ് ആയിരിക്കണം. 50 എംബിയിൽ കൂടാത്ത വീഡിയോ വേണം അപ്ലോഡ് ചെയ്യാൻ . ആവശ്യമെങ്കിൽ വീഡിയോ സൈസ് കുറയ്ക്കാൻ ഉബുണ്ടു ഓപ്പറേറ്റിംഗ് സിസ്റ്റത്തോടപ്പമുള്ള ഹാൻഡ്ബ്രേക്ക് സോഫ്റ്റ്‌വെയർ ഉപയോഗിക്കാവുന്നതാണ് .

**10) പ്രസന്റേഷൻ  നിർമിക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം ?**

- ഓപ്പൺ ഓഫീസിൽ ഇമ്പ്രെസ്സ് / ലിബ്രെ ഓഫീസ്  ഇമ്പ്രെസ്സ് / ഉപയോഗിച്ച് ആണ് നിർമ്മിക്കേണ്ടത് .
- പരമാവധി  20 സ്ലൈഡിൽ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തണം
- മികവുകൾ വ്യക്തമാകുന്ന ചിത്രങ്ങൾ , പത്രവാർത്തകൾ ,പഠനോൽപ്പന്നങ്ങളുടെ വിവരങ്ങൾ തുടങ്ങിയവയെല്ലാം ഉൾകൊള്ളിക്കണം .

**11)  സ്കൂളിന്റെ സൂക്ഷിക്കേണ്ട  രേഖകൾ എന്തെല്ലാം** ?

അപേക്ഷയിലും പ്രേസേന്റ്റേഷനിലും നൽകുന്ന വിവരങ്ങളും വിശദാംശങ്ങളും ഉൾപ്പെടുന്ന ഒരു ഫയൽ തുടർ പരിശോധനക്ക് ലഭ്യമാകാൻ കഴിയും വിധം  സ്കൂളിൽ സൂക്ഷിക്കേണ്ടതാണ്.

**12) . അപേക്ഷകൾ നിരസിക്കാനുള്ള കാരണങ്ങൾ എന്തൊക്കെ** ?

തെറ്റായ വിവരങ്ങൾ ഉള്‍പെടുത്തിയതായി ഏതെങ്കിലും ഘട്ടത്തിൽ കണ്ടെത്തിയാൽ പ്രസ്തുത സ്കൂളിന് പരുപാടിയിൽ പങ്കെടുക്കുന്നതിന് അയോഗ്യത കല്പിക്കുന്നതാണ് .

**13).അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി** ?

ഓക്ടോബർ 16

**14) .ഒരിക്കൽ അപ്‌ലോഡ് ചെയ്ത വിവരങ്ങൾ തിരുത്താൻ സാധ്യമാണോ ?**

ഓക്ടോബർ  16 മുൻപ് എന്ത് മാറ്റം വേണമെങ്കിലും വരുത്താവുന്നതാണ് . കൂടാതെ അപേക്ഷയിൽ എന്ത് മതമാണോ വരുത്തുന്നത് ഈ  മാറ്റം സ്കൂളിൽ സൂക്ഷിക്കുന്ന അപേക്ഷ ഫോമിലും വരുത്തേണ്ടതാണ് .

**15.  ഈ പരിപാടിയെ പറ്റിയുള്ള  അറിയിപ്പുകൾ എങ്ങനെ ലഭ്യമാകും ?**

ഈ പരിപാടിയെ പറ്റിയുള്ള വിശദാംശങ്ങൾ , പുതിയ വാർത്തകൾ   അറിയാനായി www.harithavidyalayam.in  എന്ന വെബ് പോർട്ടൽ സന്ദർശിക്കുക അല്ലെങ്കിൽ ഇതിനു വേണ്ടി മാത്രമായി സജ്ജീകരിച്ച ഹെല്പ് ലൈൻ നമ്പറിൽ   വിളിക്കാവുന്നതാണ് .